## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3775 23/08/2017-ൽ മറുപടിക്ക്

## പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

| | ചോദ്യം<br>**ശ്രീമതി.പി. അയിഷാ പോറ്റി** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ പുതിയതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഏതെല്ലാം; വ്യക്തമാക്കാമോ ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി സെക്ഷൻ ഓഫീസുകൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 31 ഇലക്ട്രിക്കൽ സെക്ഷനുകളിൽ 14 സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്താണ് പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 8 സെക്ഷൻ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കാൻ ബാക്കിയുണ്ട്. |
| (ബി) | കൊല്ലം ജില്ലയിൽ കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ വൈദ്യുതി ബോർഡിന്റെ പരിഗണനയിൽ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പെരുമ്പുഴ, എഴുകോൺ എന്നീ സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളെ ഉൾപ്പെടുത്തി നിലവിലുള്ള കുഴിമതിക്കാട് സബ് എഞ്ചിനീയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധി |

| | | | |
|---|---|---|---|
| | | | ച്ചിരുന്നു. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ ഓഫീസുകൾ അനുവദിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് നിലവിൽ പരിഗണനയില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ